**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.948.** **04.03.2020 ൽ മറുപടിയ്ക്ക്**

**ചേലക്കര നിയോജകമണ്ഡലത്തിലെ ലഹരി വിരുദ്ധ ബോധവൽകരണ പരിപാടി**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ്. | | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | വ്യാജ മദ്യത്തിന്റെയും നിരോധിത ലഹരി വസ്തുക്കളുടെയും വിതരണവും ഉപയോഗവും ഇല്ലായ്മ ചെയ്യുന്നതിനായി സംസ്ഥാന ലഹരി വർജന മിഷൻ 'വിമുക്തി' മുഖേന മഹാത്മാഗാന്ധിയുടെ 150-ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന ഊർജ്ജിത ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് ചേലക്കര നിയോജകമണ്ഡലത്തിൽ സംഘടിപ്പിച്ചത്; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | ലഹരി വിരുദ്ധ തീവ്രയത്ന ബോധവൽകരണ പരിപാടിയുടെ ഭാഗമായി ചേലക്കര നിയോജക മണ്ഡലതല ഉൽഘാടനം 11.12.2019 ന് ബഹു. യു.ആർ പ്രദീപ് , എം.എൽ.എ., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, വിവിധ തലങ്ങളിലെ സന്നദ്ധ പ്രവർത്തകർ, ഉദ്യോഗസ്ഥ പ്രമുഖർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു.<br>മുള്ളൂർക്കര, വരവൂർ, ദേശമംഗലം എന്നീ 3 പഞ്ചായത്തുകളിലെ കുടുംബശ്രീ പ്രവർത്തകർ ആശാ വർക്കർമാർ എന്നിവർ ഉൾപ്പെടെ 1000 ത്തോളം പേർ ചേർന്ന് ലഹരിക്കെതിരെ മനുഷ്യ ചങ്ങല സംഘടിപ്പിക്കുകയും അന്നേ ദിവസം വൈകുന്നേരം 1500 പേരെ പങ്കെടുപ്പിച്ചു കൊണ്ട് വിമുക്തി ജ്വാല തെളിയിക്കുകയും ചെയ്തു. പാഞ്ഞാൾ, വള്ളത്തോൾ നഗർ, ചേലക്കര പഞ്ചായത്തുകളിൽ കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ എന്നിവർ ഉൾപ്പെട്ട 320 പേർ ചേർന്ന് ലഹരി വിരുദ്ധ റാലി നടത്തുകയും ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു. പഴയന്നൂർ, കൊണ്ടാഴി, തിരുവില്വാമല എന്നീ 3 പഞ്ചായത്തുകളിൽ 1400 പേരെ പങ്കെടുപ്പിച്ചു വിമുക്തി ജ്വാല സംഘടിപ്പിച്ചു. മുള്ളൂർകര പഞ്ചായത്തിലെ 150 ഓളം വനിതകൾ ചേർന്ന് ലഹരിക്കെതിരെ രാത്രി നടത്തം, വിമുക്തി ജ്വാല തെളിയിക്കൽ എന്നിവ സംഘടിപ്പിച്ചു.<br>കൂടാതെ, എക്സൈസ് വകുപ്പ് നേരിട്ട് നടത്തിയ പരിപാടികളുടെ ഭാഗമായി പഞ്ചായത്തുകളുടെ സഹകരണത്തോടെ 340 വാർഡുകളിൽ 1700 പേരടങ്ങുന്ന വിമുക്തി സേന രൂപീകരിച്ചു മണ്ഡലത്തിന്റെ 70 ഓളം സ്ഥലങ്ങളിൽ ലഹരിക്കെതിരെയുള്ള പ്രചരണത്തിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | സിഗ്നേച്ചർ കാംപയിൻ സംഘടിപ്പിക്കുകയുണ്ടായി. മണ്ഡലത്തിലെ SC/ST കോളനികളിൽ 69 ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിച്ച ടി ക്ലാസ്സിൽ ആകെ 2500 ഓളം കുട്ടികൾ പങ്കെടുത്തു. സ്കൂളുകളിൽ ലഹരി വിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി 600 ഓളം പേരെ പങ്കെടുപ്പിച്ച കൊണ്ട് 5 വിമുക്തി റാലികൾ, 80 പേരോളം പങ്കെടുത്ത 2 സൈക്കിൾ റാലികൾ, സൈക്ലത്തോൺ, വാക്കത്തോൺ എന്നിവയും നടത്തി. കൂടാതെ 200 ഓളം കുട്ടികളെ വീതം പങ്കെടുപ്പിച്ചുകൊണ്ട് 4 സ്കൂളുകളിലായി ക്വിസ്, ചിത്ര രചനാ മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചു. മണ്ഡലത്തിലെ 56 സ്കൂളുകളിലായി ഒരേ ദിവസം തന്നെ 55000 ത്തോളം കുട്ടികളെ പങ്കെടുപ്പിച്ച കൊണ്ട് ലഹരി വിരുദ്ധ പ്രതിജ്ഞ, വിമുക്തി ബാഡ്ജ് ധരിക്കൽ എന്നിവയും സംഘടിപ്പിച്ചു. കൂടാതെ മണ്ഡലത്തിലെ 130 ഓളം സർക്കാർ സ്ഥാപനങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർ ഒരേ ദിവസം തന്നെ ലഹരിക്കെതിരെ പ്രതിജ്ഞ എടുത്തു. ലഹരി വിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി മണ്ഡലത്തിലെ 6 ബസ്സ് സ്റ്റാന്റ് പരിസരങ്ങളിൽ 400 ഓളം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച കൊണ്ട് ഫ്ലാഷ് മോബ് നടത്തി. ലഹരിക്കെതിരെയുള്ള പ്രചാരണത്തിന്റെ ഭാഗമായി കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി 17 സ്കൂളുകളിലും 6 സ്പോർട്സ് ക്ലബ്ബുകളിലുമായി പുരുഷ-വനിതാ വോളിബോൾ മത്സരങ്ങളിൽ 160 പേരെ പങ്കെടുപ്പിച്ച കൊണ്ട് ഫുട്ബാൾ ഷൂട്ട് ഔട്ട് മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചു. |
| (ബി) | ഈ പരിപാടികളിൽ എല്ലാം വലിയ തോതിൽ ജനകീയ പങ്കാളിത്തം ഉണ്ടായിരുന്നുവെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ബി) | വിലയിരുത്തൽ നടത്തിയിട്ടുണ്ട്. എല്ലാ പരിപാടികളിലും യുവതി-യുവാക്കളുടെയും, പൊതുജനങ്ങളുടെയും വൻ ജന പങ്കാളിത്തം ഉണ്ടായിരുന്നു എന്നും, ഏകദേശം 70,000 - ത്തോളം പേർ മണ്ഡലത്തിൽ വിവിധ പരിപാടികളിൽ പങ്കെടുത്തതായും വിലയിരുത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ